പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 385 — 10.03.2015-ൽ മറുപടിയ്ക്ക്

# കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ നടപടി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ 110 കെ. വി. ദൊഡുഗൊലി ലൈൻ ഡബിൾ സർക്യൂട്ട് ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 110 കെ.വി. മൈലാട്ടി - തൌഡുഗൊളി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഒരു ഭാഗം ടെണ്ടർ ചെയ്തെങ്കിലും ആദ്യം ആരും തന്നെ പങ്കെടുത്തില്ല. വീണ്ടും ടെണ്ടർ ചെയ്തപ്പോൾ എസ്റ്റിമേറ്റ് തുകയുടെ 135.38 ശതമാനം അധികമായിട്ടാണ് ദർഘാസ് ലഭ്യമായത്. പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | ഇതിന്റെ പ്രവൃത്തിക്കായുള്ള ചെലവ് എത്രയാണ് ; ഇതിനായി ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ? | (ബി) | മൊത്തം പ്രവൃത്തിക്കായുള്ള പഴയ നിരക്ക് പ്രകാരമുള്ള ചെലവ് — 2009 ലക്ഷം രൂപ.<br>ഈ സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്കായി 30 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.